# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4193 — 19.10.2011 ൽ മറുപടിയ്ക്ക്

## നിഷ്ക്രിയ ആസ്തി കുറയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെയും വായ്പാ സഹകരണ സംഘങ്ങളുടെയും നിഷ്ക്രിയ ആസ്തി എത്രയാണ്; | (എ) 30.06.2011 ലെ സ്ഥിതി പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെയും വായ്പാ സഹകരണ സംഘങ്ങളുടെയും നിഷ്ക്രിയ ആസ്തി/കടിശ്ശിക 10,007.29 കോടി രൂപയാണ്. |
| (ബി) പ്രസ്തുത ആസ്തിയിലെ വർദ്ധനവ് കാരണം നബാർഡിന്റെ വായ്പയിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയിലെ വർദ്ധനവ് കാരണം സംസ്ഥാനത്തിന് ലഭിക്കാവുന്ന നബാർഡ് പുനർവായ്പയുടെ 5% ൽ കുറവ് വരുന്നതാണ്. നബാർഡ് പോളിസി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 10% ൽ താഴെയാണെങ്കിൽ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിളവായ്പയുടെ 45% പുനർവായ്പയായി ലഭിക്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 10% ൽ അധികരിച്ചാൽ നബാർഡ് പുനർവായ്പയുടെ അളവ് 40% ആയി കുറയുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 10% ൽ അധികരിച്ച് നിൽക്കുന്നതു കാരണം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിള വായ്പയുടെ 40% മാത്രമേ നബാർഡ് പുനർവായ്പയ്ക്ക് അർഹതയുള്ളൂ. അങ്ങനെ കണക്കാക്കുമ്പോൾ നബാർഡ് പുനർവായ്പയിൽ 5% കുറവ് വരുന്നതാണ്. |

നടപ്പാക്കുകയുണ്ടായി. സംഘങ്ങളുടെ/ ബാങ്കുകളുടെ കടിശ്ശിക/നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടു വരുന്നതിനായി ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ വകുപ്പ് തലത്തിൽ അവലോകനം ചെയ്യുകയും നടപടി ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. സംഘം/ ബാങ്ക് തലത്തിൽ റിക്കവറി കാര്യങ്ങൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും, പ്രതിമാസം അവലോകനം നടത്തുകയും, അന്യായം, വിധി നടത്ത് നടപടികൾ ത്വരിതപ്പെടുത്തുകയും ഗവൺമെന്റിന്റെ വിവിധ ആശ്വാസ പദ്ധതികൾക്ക് വമ്പിച്ച പ്രചാരണം നൽകി കടിശ്ശിക പിരിച്ചെടുക്കുന്നതിനും, ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചും കടിശ്ശിക/ നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടു വരുന്നതിനായി സംഘം/ബാങ്ക് തലത്തിൽ പ്രത്യേക കർമ്മ പദ്ധതികൾ തയ്യാറാക്കി നടപടി സ്വീകരിക്കുന്നു. ബാങ്കുകൾ തനതായ കടിശ്ശിക നിവാരണ പദ്ധതികൾ തയ്യാറാക്കി രജിസ്ട്രാറുടെ അനുമതിയോടെ നടപ്പാക്കുന്നതിന് അനുവാദം നൽകുന്നു.

സെക്ഷൻ ഓഫീസർ